(സി) വാഗമൺ മേഖലയിൽ വനം വകുപ്പിന്റെ കൈവശമുള്ള 460 ഹെക്ടറിൽ നിലവിൽ കയ്യേറ്റങ്ങളില്ല.

ഇരവികുളം ദേശീയോദ്യാനത്തോട് ചേർന്നുവരുന്ന ചോലവനങ്ങൾ

126 [409] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ ഇരവികുളം ദേശീയോദ്യാനത്തോട് ചേർന്നുവരുന്ന ഏതൊക്കെ ചോല വനങ്ങളാണ് നിക്ഷിപ്തവനമേഖലയായി പ്രഖ്യാപിക്കണമെന്ന് വനം വകുപ്പ് സർക്കാരിന് ഇപ്പോൾ ശുപാർശ നല്കിയിട്ടുള്ളത്;

(ബി) ഇവ ഓരോന്നും എത്ര വിസ്തൃതിവീതം വരുന്നവയാണെന്നുള്ളതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ചോല വനശകലങ്ങൾ ഇപ്പോൾ റവന്യൂ ഭൂമിയാണോ;

(ഡി) പ്രസ്തുത ചോല വനങ്ങൾ സ്വകാര്യ ഭൂമിയാണെങ്കിൽ ഇവയുടെ ഇപ്പോഴത്തെ അവകാശികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) ഇവ നിക്ഷിപ്ത വന മേഖലയാക്കുന്നതിന് നിലവിൽ എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്നും ഇവ മാറ്റാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഇരവികുളം ദേശീയോദ്യാനത്തോട് ചേർന്ന് കിടക്കുന്ന ചോലവനങ്ങൾ വെസ്റ്റേൺ ഫോറസ്റ്റ് മേഖലയായി പ്രഖ്യാപിക്കണമെന്ന് സർക്കാരിനു ശുപാർശ നൽകിയിട്ടില്ല.

(ബി, സി, ഡി ആന്റ് ഇ) ചോദ്യം ഉദിക്കുന്നില്ല.

വാളയാർ പ്രദേശത്തെ ചുണ്ണാമ്പുകല്ലു ഖനനം

127 [410] ശ്രീ. എൻ ശക്തൻ :
,, സി. പി. മുഹമ്മദ് :
,, കെ. എ. ചന്ദ്രൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ പ്രദേശത്ത് നിന്ന് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ചുണ്ണാമ്പുകല്ല് ഖനനം ചെയ്യുവാൻ അനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലബാർ സിമന്റ്സിന്റെ ഖനനാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതുമൂലം സീമന്തിനിപ്പുഴ ചതുപ്പുനിലമായി മാറിയിട്ടുണ്ടോ;

(സി) ഖനനാവശിഷ്ടങ്ങൾ മലമ്പുഴ ഡാമിൽ എത്താതിരിക്കുവാൻവേണ്ടി മലബാർ സിമന്റ്സ് എത്ര തടയണകൾ കെട്ടിയിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് പീച്ചി ഗവേഷണ കേന്ദ്രത്തിലെ വിദഗ്ദ്ധൻമാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) അതേത്തുടർന്ന് ഇത് സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഗവൺമെന്റ് ഉത്തരവിട്ടിരുന്നുവോ;

(എഫ്) ഗവൺമെന്റ് ഉത്തരവനുസരിച്ചുള്ള അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത്?

ഉത്തരം

(എ) പാലക്കാട് ഡിവിഷനിലെ വാളയാർ റെയിഞ്ചിന്റെ പരിധിയിൽ നിന്നും ചുണ്ണാമ്പുകല്ല് ഖനനം ചെയ്യുവാൻ അനുവാദം നൽകിയത് സംബന്ധിച്ച് വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഒരു തടയണ നിർമ്മിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ ആന്റ് എഫ്) ഉത്തരം 'സി' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വൈദ്യുതാഘാതമേറ്റ് ആനകൾ ചരിഞ്ഞ സംഭവങ്ങൾ

128 [411] ശ്രീ. കെ. മുഹമ്മദാലി :

,, ജി. പ്രതാപവർമ്മ തമ്പാൻ :

,, എ. സുജനപാൽ :

,, എ. കെ. മണി :

,, കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ കഴിഞ്ഞ വർഷം വൈദ്യുതാഘാതമേറ്റ് എത്ര ആനകൾ ചരിഞ്ഞിട്ടുണ്ട്;

(ബി) വൈദ്യുതാഘാതമേറ്റ് വനത്തിലുള്ള ആനകൾ ചരിയുന്നത് തടയുവാൻ എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly